പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1126.

06.06.2018 -ലെ മറുപടിക്ക്.

## സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം

**ശ്രീ. ഇ.പി.ജയരാജൻ**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**

**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ എത്ര കുടുംബങ്ങൾ അംഗങ്ങളായി ചേർന്നിട്ടുണ്ട്; | (എ) | 29/05/18 വരെയുള്ള കണക്കുകൾ പ്രകാരം 39,38,815 ഗുണഭോക്തൃ കുടുംബങ്ങൾ നടപ്പ സാമ്പത്തിക വർഷം സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്. |
| (ബി) | സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി സേവനം ലഭ്യമാക്കുന്ന ചില സ്വകാര്യ ആശുപത്രികൾ രോഗികളെ ചൂഷണം ചെയ്ത് ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇത്തരം ക്രമക്കേടുകൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | ആർ.എസ്.ബി.വൈ/ചിസ് പദ്ധതി മാർഗ്ഗരേഖ പ്രകാരം പദ്ധതി നടത്തിപ്പ് ചിയാക്കും ഇൻഷ്വറൻസ് സേവനദാതാവും സൂക്ഷ്മ മായി നിരീക്ഷിച്ച വരുന്നു. ആശുപത്രിയുടെ ഭാഗത്തു നിന്ന് ഏതെങ്കിലും അധാർമ്മിക പ്രവർത്തനം ഉണ്ടായാൽ അവർക്കു കാരണം കാണിക്കൽ നോട്ടീസ് കൊടുക്കുകയും മറുപടി തൃപ്തികരമല്ലെങ്കിൽ സസ്പെൻഷനും തുടർന്ന് പദ്ധതിയിൽ നിന്നും പുറത്താക്കുകയും ചെയ്യുന്നു. കൂടാതെ ഗുണഭോക്താവിന് ഏതെങ്കിലും പരാതിയുണ്ടെങ്കിൽ ജില്ലാ തലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായ പരാതി പരിഹാര കമ്മിറ്റി നിലവിലുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ പരാതി സമർപ്പിക്കാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ